(എഫ്) മണ്ഡരി രോഗബാധയ്ക്ക് ജൈവ കീടനാശിനി പ്രയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) മണ്ഡരി കീടബാധയ്ക്കെതിരെ ഉപയോഗിക്കുന്ന ഡൈക്കോഹോൾ എന്ന രാസമണ്ഡരി നാശിനി ദോഷഫലങ്ങൾ ഉളവാക്കുമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും കീടനാശിനികൾ തളിക്കുമ്പോൾ എടുത്തിരിക്കേണ്ടതായ എല്ലാ മുൻകരുതലുകളും എടുത്തുകൊണ്ടാണ് മരുന്നു തളി നടപ്പാക്കുന്നത്.

(ബി) തടസ്സമൊന്നും ഇല്ല.

(സി) പരീക്ഷണം നടന്നുവരുന്നു.

(ഡി) ഇല്ല. കേരള കാർഷിക സർവകലാശാല അവരുടെ അഭിപ്രായം പ്രസിദ്ധീകരിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) രാസമണ്ഡരി നാശിനിയോ ജൈവ മണ്ഡരി നാശിനിയോ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം കർഷകനുണ്ട്. ഏത് ഉപയോഗിച്ചാലും സബ്സിഡി നൽകും.

22 (*82) കേരള അടിസ്ഥാന നിക്ഷേപനിധി

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമം അനുസരിച്ച് രൂപീകരിച്ച നിധിയിലേയ്ക്ക് എന്ത് തുക ഇതുവരെ പരിഞ്ഞ് കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത ആക്ട് അനുസരിച്ച് രൂപീകരിച്ച ബോർഡ് ബോണ്ടുകൾ, കടപത്രങ്ങൾ എന്നിവ മുഖേനയോ മറ്റ് വിധത്തിലോ എന്ത് തുക സംഭരിച്ചിട്ടുണ്ട്;

(സി) ഗവൺമെന്റ് ഗ്രാന്റുകളും മുൻകൂറുകളും വായ്പകളുമായി നിധിയിലേയ്ക്ക് എന്ത് തുക കൊടുത്തിട്ടുണ്ട്;

(ഡി) ഈ തുകയുടെ പലിശ നിരക്ക് എത്രയാണ്; പലിശയിനത്തിൽ വാർഷിക ചെലവ് എന്തുവേണ്ടിവരും; സ്വരൂപിച്ച തുകയുടെ നിക്ഷേപം സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കുമോ;

(ഇ) ഈ നിയമമനുസരിച്ച് രൂപീകൃതമായ ബോർഡ് എത്ര തവണ കൂടിയിട്ടുണ്ട്; ബോർഡ് ഇതുവരെ കൈക്കൊണ്ട പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം;

(എഫ്) ഈ നിധിയിലുള്ള തുക എവിടെയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്; അതിന് കിട്ടുന്ന പലിശ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ നിധിയിൽ നിന്ന് എന്ത് തുക നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരം മുതൽ മുടക്കിനായി പണം നൽകുന്നതിനോ സാമ്പത്തിക സഹായം നൽകുന്നതിനോ ഇതുവരെ ചെലവഴിച്ചു;

(എച്ച്) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിൽ ലഭ്യമായ പണം സർക്കാരിന്റെ എന്തെങ്കിലും ആവശ്യങ്ങൾക്കോ ഓവർഡ്രാഫ്റ്റ് ക്രമീകരിക്കുന്നതിനോ ആയി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇതുവരെ 507.06 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) ബോണ്ട് വഴി 507.06 കോടി രൂപ സംഭരിച്ചിട്ടുണ്ട്. മറ്റ് വിധത്തിൽ തുകയൊന്നും സമാഹരിച്ചിട്ടില്ല.

(സി) പ്രാരംഭ ചെലവുകൾക്കായി കണ്ടിജൻസി ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) സ്വരൂപിച്ച തുകയ്ക്ക് അർദ്ധ വാർഷിക നിരക്ക് 13.25% ഉം വാർഷിക നിരക്ക് 13.69% ഉം ആണ്. വാർഷിക പലിശ 69.42 കോടി രൂപയോളം വരും, സ്വരൂപിച്ച തുക ട്രഷറിയിൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

(ഇ) ബോർഡ് ഇതുവരെ ഒരു തവണ കൂടിയിട്ടുണ്ട്. ബോർഡ് കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നു.

1. 15.11.99-ൽ ബോണ്ട് പുറപ്പെടുവിക്കുവാനും അത് വഴി തുക സംഭരിക്കുവാനും

2. സംഭരിക്കുന്ന തുകയിൽ നിന്ന് 50 കോടിരൂപ ഈ ധനകാര്യ വർഷവും 425 കോടി രൂപ അടുത്ത ധനകാര്യ വർഷവും അനുവദിക്കപ്പെട്ട പദ്ധതികൾക്ക് വേണ്ടി ചെലവഴിക്കുക. (പദ്ധതികൾ കണ്ടെത്തുവാനുള്ള താമസംമൂലം ഈ വർഷം ഇതുവരെ തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.)

3. ആദ്യമായി 200 കോടി രൂപയ്ക്കുള്ള ബോണ്ട് പുറപ്പെടുവിക്കുവാനും അധികമായി തുക ലഭിച്ചാൽ 500 കോടി രൂപവരെ സംഭരിക്കുവാനും

4. എസ്.ബി.ഐ. ക്യാപിറ്റൽ മാർക്കറ്റിനെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെയും തുക സംഭരിക്കുവാനും അനന്തര നടപടികൾക്കുമായി ചുമതലപ്പെടുത്തുക.

5. ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും 75 ലക്ഷം രൂപ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

6. ബോർഡിന്റെ പ്രാരംഭ ദശയിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള ജീവനക്കാരെ ഇതിന്റെ ജോലിയ്ക്കായി നിയോഗിയ്ക്കുവാനും പിന്നീട് ബോർഡ് പ്രത്യേകമായി ജീവനക്കാരെ അനുവദിക്കുവാനും തീരുമാനിച്ചു.

(എഫ്) സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇതിന് കിട്ടുന്ന പലിശ 6% ആണ്.

(ജി) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(എച്ച്) ചെലവഴിച്ചിട്ടില്ല.

1121/2010.

LIBRARY ARCHIVES Kerala Legislative Assembly